LIBRARY ARCHIVES Kerala Legislative Assembly

ആലുവ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

126 (2106) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ഏതെല്ലാം താലൂക്കുകളിലാണ് മിനിസിവിൽ സ്റ്റേഷൻ നിർമ്മിക്കുവാൻ നിർദ്ദേശങ്ങൾ നിലവിലുള്ളത് ;

(ബി) ഇതിൽ ഭരണാനുമതി നൽകിയിട്ടുള്ള മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ ;

(സി) എറണാകുളം റൂറൽ ജില്ലയുടെ ആസ്ഥാനമായ ആലുവായിൽ മിനിസിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ആലുവ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലുവ, പറവൂർ, കൊച്ചി (മട്ടാഞ്ചേരി) എന്നീ താലൂക്കുകളിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുവാൻ നിർദ്ദേശം നിലവിലുണ്ട്. കൂടാതെ മൂവാറ്റുപുഴയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) പരവൂർ മിനി സിവിൽ സ്റ്റേഷൻ.

(സി&ഡി) ആലുവയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭരണാനുമതിക്കായി റഫ്കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരികയാണ്.

സി.ഇ.എൽ.എസ്-ൽ ഓരോ ജില്ലയിലും ചെലവഴിക്കപ്പെട്ട തുക

127 (2107) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1996-97, 1997-98, 1998-99 എന്നീ സാമ്പത്തിക വർഷങ്ങളിൽ ചീഫ് എൻജിനീയേഴ്സ് ലംസമിൽ നിന്നും ഓരോ ജില്ലയും ചെലവഴിക്കപ്പെട്ട തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) 1999-2000 വർഷത്തിൽ ചീഫ് എൻജിനീയേഴ്സ് ലംസം ആയി ബഡ്ജറ്റിൽ നീക്കിവച്ച തുക എത്രയാണ് ;

(സി) ഇക്കഴിഞ്ഞ ഡിസംബർ വരെ ഓരോ ജില്ലയിലും ഈ ഇനത്തിൽ ചെലവഴിക്കപ്പെട്ട സംഖ്യ എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ച വിവരം അനുബന്ധ†മായും കെട്ടിടങ്ങളും പ്രാദേശിക ജോലികളും വിഭാഗത്തെ സംബന്ധിച്ച വിവരം അനുബന്ധ†മായും കൊടുത്തിരിക്കുന്നു.

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1999-2000-ാമാണ്ടത്തെ ബഡ്ജറ്റിലും സപ്ലിമെന്ററി ബഡ്ജറ്റിലുമായി 1367.57 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കെട്ടിടങ്ങളും പ്രാദേശിക ജോലികളും വിഭാഗത്തിൽ 1999-2000-ാമാണ്ടത്തെ ബഡ്ജറ്റിൽ 4392.37 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

(സി) നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ച വിവരം അനുബന്ധ†മായും കെട്ടിടങ്ങളും പ്രാദേശിക ജോലികളും വിഭാഗത്തെ സംബന്ധിച്ച വിവരം അനുബന്ധ†മായും കൊടുത്തിരിക്കുന്നു.

കിളിമാനൂർ അയിലം പാലത്തിന്റെ പണി

128 (2108) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ അയിലം പാലത്തിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പാലത്തിന്റെ പണി വളരെ മന്ദഗതിയിലാണ് നീങ്ങുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പാലത്തിന്റെ പണി ത്വരിതഗതിയിലാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പാലത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) പ്രസ്തുത പാലത്തിന് സ്ഥലം ലഭ്യമായാൽ പുതുക്കിയ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി പണി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കുന്തിപ്പുഴ പാലത്തിന്റെ ശോച്യാവസ്ഥ

129 (2110) ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്-പാലക്കാട് റൂട്ടിലെ മണ്ണാർക്കാട് താലൂക്കിൽപ്പെടുന്ന കുന്തിപ്പുഴ പാലത്തിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

† അനുബന്ധം XXI, XXI(എ), XXI(ബി), XXI(സി)

LIBRARY ARCHIVES Kerala Legislative Assembly